കാറ്റിൽ ബ്രീഡിങ്ങ് ഫാം
കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി
തുമ്പൂർമുഴി, അതിരപ്പിള്ളി റോഡ്, കൊന്നക്കുഴി പി.ഒ,
തൃശ്ശൂർ ജില്ല, കേരള - 680 721
ഫോൺ: 9188006265 ഇ-മെയിൽ : cbft@kvasu.ac.in

നമ്പർ. കെ.വി.എ.എസ്.യു/സിബിഎഫ്/സി/1046/18 തിയ്യതി 02.11.2026

നാളികേരം/കരിക്ക് ദർഘാസ്/ലേല നോട്ടീസ്

സി.ബി.എഫ് തുമ്പൂർമുഴി ഫാമിലെ ഏകദേശം 63 ഏക്കർ സ്ഥലത്തുള്ള കായ്ഫലം തരുന്ന 295 ഓളം തെങ്ങുകളിൽ നിന്ന് 01.12.2026 മുതൽ 30.11.2027 വരെയുള്ള ഒരു വർഷ കാലയളവിലേക്ക് കരിക്കും, നാളികേരവും വിളവെടുക്കുവാനുള്ള അവകാശത്തിനായി താൽപ്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും ഇതിനോടൊപ്പം ചേർത്തിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം ദർഘാസ്/ലേലം ക്ഷണിക്കുന്നു.

ദർഘാസുകൾ (Tender Form) സർവ്വകലാശാലയുടെ വെബ് സൈറ്റിൽ www.kvasu.ac.in നിന്നും ഡൗൺ ലോഡ് ചെയ്യാവുന്നതാണ് 19.11.2026 രാവിലെ 11.00 വരെ ടെൻഡർ ഫോം 590/- രൂപയ്ക്ക് (500+ GST 18%) ഈ ഓഫീസിൽ നിന്ന് നേരിട്ട് വാങ്ങാവുന്നതാണ്. 19.11.2026 രാവിലെ 11.30 മണിക്കു മുമ്പായി ദർഘാസ് (Tender) സമർപ്പിക്കേണ്ടതാണ്. ദർഘാസ്/ലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യമായി 2000/- രൂപ കെട്ടിവെക്കേണ്ടതാണ് 19.11.2026 ന് രാവിലെ 12 മണിക്ക് അപ്പോൾ സന്നിഹിതരായിരിക്കുന്നവരുടെ സാന്നിദ്ധ്യത്തിൽ പരസ്യലേലം നടത്തുന്നതും തുടർന്ന് ദർഘാസുകൾ തുറക്കുന്നതുമാണ്. കൂടുതൽ തുക നിർദ്ദേശിച്ചിട്ടുള്ള ദർഘാസ്/ ലേലക്കാരന്റെ പേരിൽ ഫാം മേധാവി /ചുമതലയുള്ള ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം ദർഘാസ്/ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതാണ്.

ദർഘാസ്/ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിനു മുമ്പായി വിളയുടെ ഗുണനിലവാരം, തെങ്ങുകളുടെ എണ്ണം ആദിയായവ ഓഫീസ് സമയങ്ങളിൽ (രാവിലെ 10 മുതൽ 4.00 വരെ) സീനിയർ ഫാം സൂപ്പർ വൈസറുടെ അനുവാദത്തോടു കൂടി നേരിൽ കണ്ട് ബോധ്യപ്പെടാവുന്നതാണ്. ദർഘാസ്/ലേലം ഉറപ്പിച്ചതിനുശേഷം ഇതുമായി ബന്ധപ്പെട്ടുള്ള പരാതികൾ പരിഗണിക്കുന്നതല്ല.

ദർഘാസ്/ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നോട്ടീസിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ വ്യക്തമായി അറിഞ്ഞിരിക്കേണ്ടതാണ്. മറ്റു തരത്തിൽ

ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിച്ചാൽ അതിന് ഫാമിന് യാതൊരു തരത്തിലുള്ള ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

ക്രമ. നം	ലേല സ്ഥലം	കെ.വി.എ.എസ്.യു- കന്നുകാലി പ്രജനന കേന്ദ്രം, തുമ്പൂർമുഴി
1	ലേല വസ്തു	ഫാമിലെ ഏകദേശം 295 ഓളം തെങ്ങുകളിൽ നിന്നും നാളികേരം, കരിക്ക് വിളവെടുക്കുന്നതിനുള്ള അവകാശം
2	കാലയളവ്	മൂപ്പെത്തിയ നാളികേരം 01.12.2026 മുതൽ 30.11.2027 വരെ കരിക്ക് 01.12.2026 മുതൽ 30.08.2027 വരെ
3	ലേല സമയം	19.11.2026 രാവിലെ 12.00 മണി
4	നിരതദ്രവ്യം	2000/- രൂപ
5	ടെണ്ടർ ഫോം	590/- രൂപ (500+ GST 18%)

നിബന്ധനകൾ

1. ദർഘാസ്/ലേല തുക വളരെ വ്യക്തമായി അക്ഷരത്തിലും അക്കത്തിലും എഴുതിയിരിക്കണം. ദർഘാസുകൾ പ്രൊഫസർ ആന്റ് ഹെഡ്, കന്നുകാലി പ്രജനന കേന്ദ്രം, തുമ്പൂർമുഴി എന്ന പേരിൽ ആയിരിക്കേണ്ടതാണ്. ദർഘാസ്/ലേലം ലഭിക്കുന്ന വ്യക്തി 8500/-രൂപ മൂല്യമുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് കൂടി നൽകേണ്ടതാണ്. ദർഘാസ്/ടെൻഡർ ഉറപ്പിച്ച് 15 ദിവസത്തിനകം സെക്യൂരിറ്റി ഡെപ്പോസിറ്റ് ഡിഡി ആയോ പണമായോ അടയ്ക്കാവുന്നതാണ്.

2. ടെൻഡർ ഫോം സമർപ്പിക്കുന്ന കവറിന് പുറത്ത് പ്രൊഫസർ ആന്റ് ഹെഡ് കന്നുകാലി പ്രജനന കേന്ദ്രം, തുമ്പൂർമുഴി, കരിക്ക്/ നാളികേരം വിളവെടുക്കുന്നതിനുള്ള ടെൻഡർ 2026 -2027 എന്ന് വ്യക്തമായി എഴുതിയിരിക്കണം.

3. കരാർ ലഭിക്കുന്ന വ്യക്തിക്ക് 01.12.2026 മുതൽ 30.11.2027 തീയതി വരെ മൂപ്പെത്തിയ നാളികേരവും, കരിക്ക് 01.12.2026 മുതൽ 30.08.2027 വരെ കരാറിൽ പറഞ്ഞിരിക്കുന്ന പ്രകാരം വിളകൾ എടുക്കാവുന്നതാണ്.

4. ദർഘാസ്/ലേലത്തിൽ പങ്കെടുക്കുന്നവർ ആധാർ/അംഗീകൃത തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് ദർഘാസിനൊപ്പം സമർപ്പിക്കുകയും, ടെൻഡർ/ലേല ദിവസം നിർബന്ധമായും ഹാജരാക്കേണ്ടതുമാണ്.

5. തെങ്ങിന്റെ ദർഘാസ്/ലേലം ഉറപ്പിച്ചു കിട്ടുന്ന ആൾ തുകയുടെ മൂന്നിൽ ഒരു ഭാഗം അപ്പോൾ തന്നെ കെട്ടി വെയ്ക്കേണ്ടതാണ്. ബാക്കി തുക രണ്ട് തുല്ല്യ തവണകളായി 15.12.2026, 31.01.2027 എന്നീ തീയ്യതികളിൽ അടക്കേണ്ടതാണ്. അല്ലാത്തപക്ഷം ദർഘാസ്/ലേലം ഉടനടി റദ്ദു ചെയ്യുന്നതും ദർഘാസ്/ലേലത്തിൽ ഉണ്ടാകുന്ന നഷ്ടം ദർഘാസ്/ലേലക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്.

6. വിളവെടുപ്പ് കാലാവധി തീരുന്നതിന് 90 (തൊണ്ണൂറ്) ദിവസത്തിനു മുമ്പുവരെ (30.08.2027 വരെ) മാത്രമേ കരിക്ക് വെട്ടിയെടുക്കുവാൻ പാടുള്ളൂ. ഏഴു മാസത്തിൽ

മൂപ്പു കുറഞ്ഞ കരിക്കുകൾ വെട്ടുവാൻ പാടുള്ളതല്ല. അല്ലാത്ത പക്ഷം കരാർ റദ്ദു ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

7. വിളവെടുപ്പ് ദിവസം മുൻകൂട്ടി അറിയിക്കേണ്ടതും, സീനിയർ ഫാം സൂപ്പർ വൈസർ/ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ/യുടെ സാന്നിദ്ധ്യത്തിൽ നടത്തേണ്ടതുമാണ്. ഓരോ വിള വെടുപ്പിനും തെങ്ങൊന്നിന് ലഭിക്കുന്ന നാളികേരത്തിന്റെ എണ്ണം സീനിയർ ഫാം സൂപ്പർ വൈസറെ/ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്തേണ്ടതാണ്.

8. വിളവെടുക്കുമ്പോൾ ഫാമിലെ വസ്തു വകകൾക്കോ, തെങ്ങിലെ ഇടവിളകൾക്കോ, മറ്റു വിളകൾക്കോ കേടുപാടുകൾ വരുത്താൻ പാടില്ല. മറിച്ച് സംഭവിക്കുന്ന പക്ഷം ഉണ്ടാകുന്ന നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്.

9. ലേലം ഉറപ്പിച്ച് കിട്ടുന്ന ആളിന്റെ നിരതദ്രവ്യം ഫാം സീനിയർ സൂപ്പർവൈസറിന്റെ സാക്ഷ്യപ്പെടുത്തലിനു ശേഷം, മറ്റ് തടസങ്ങൾ ഇല്ലാത്തപക്ഷം 30.11.2027 ന് ശേഷം ഓഫീസിൽ നിന്നും തിരികെ നൽകുന്നതാണ്.

10. വിളവെടുപ്പ് സ്വന്തം ചിലവിലും ഉത്തരവാദിത്തത്തിലുമായിരിക്കണം ഫാം പ്രവർത്തി സമയത്ത് (8.30AM മുതൽ 4.30 PM) വരെ മാത്രമേ വിളവെടുപ്പ് അനുവദിക്കുകയുള്ളൂ. ഓരോ ദിവസവും വിളവെടുക്കുന്ന തേങ്ങ/കരിക്ക് അപ്പോൾ തന്നെ ഓഫീസിൽ നിന്നും ഗേറ്റ് പാസ് വാങ്ങി കൊണ്ട് പോകേണ്ടതാണ്. ഫാമിൽ സൂക്ഷിക്കുവാൻ പാടു ള്ളതല്ല. അവധിദിവസങ്ങളിൽ വിളവെടുപ്പ് അനുവദിക്കുന്നതല്ല. വിളവെടുപ്പിനോടനുബന്ധിച്ച് വ്യക്തിക്കോ/സ്ഥാപനത്തിനോ ഉണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് കരാറുകാരൻ പരിപൂർണ്ണ ഉത്തരവാദി ആയിരിക്കുന്നതാണ്. മേൽ കഷ്ട നഷ്ടങ്ങൾക്കുള്ള നഷ്ട പരിഹാര തുക കരാറുക്കാരിൽ നിന്ന് ഈടാക്കുന്നതാണ്.

11. തെങ്ങിൽ നിന്ന് തേങ്ങ അല്ലാതെ പട്ട, കൊതുമ്പ് പോലുള്ള മറ്റൊരു ഉൽപ്പന്നത്തിനും കരാർ ഉറപ്പിച്ച് നൽകുന്ന വ്യക്തിക്ക് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്ന തല്ല.

12. രൂക്ഷമായ രോഗകീടബാധമൂലം ഈ സ്ഥപനത്തിന്റെയോ സർക്കാരിന്റെയോ വികസന പരിപാടികൾക്ക് വേണ്ടിയോ ഏതങ്കിലും തെങ്ങുകൾ വെട്ടി മാറ്റേണ്ടതുണ്ടെങ്കിൽ അതി നുള്ള അവകാശവും, യഥാസമയങ്ങളിൽ വിളപരിപാലനത്തിനും തെങ്ങിന്റെ മണ്ട വൃത്തിയാക്കുന്നതിനുള്ള അവകാശവും ഈ ഓഫീസിന് ഉണ്ടായിരിക്കുന്നതാണ്. ആയത് ദർഘാസ്/ലേല വ്യവസ്ഥകളെ ബാധിക്കുന്നതല്ല.

13. ദർഘാസ്/ലേലം നോട്ടീസിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അന്തിമം ആയിരിക്കും. ദർഘാസ്/ലേലം സംബന്ധമായ അന്തിമ തീരുമാനമെടുക്കുവാനും ദർഘാസ്/ലേലം റദ്ദ് ചെയ്യുവാനുള്ള അവകാശം ഫാം മേധാവിയിൽ നിക്ഷിപ്തമായിരിക്കും. മറ്റ് എല്ലാ സർക്കാർ/ യൂണിവേഴ്സിറ്റി ദർഘാസ്/ലേല നിബന്ധനകളും ഇതിനും ബാധകമാണ്.

14. ദർഘാസ്/ലേലം കൊണ്ട വ്യക്തി 8500/ രൂപ കൂടി സെക്യൂരിറ്റി ഡെപ്പോസിറ്റായി അട ക്കേണ്ടതും മേൽപറഞ്ഞ ദർഘാസ്/ലേലം നിബന്ധനകൾ അടങ്ങിയ ഉടമ്പടി 200/ രൂപ മുദ്രപത്രത്തിൽ എഴുതി സാക്ഷികൾ സഹിതം ഒപ്പിട്ട് ആദ്യ വിളവെടുപ്പിന് മുമ്പായി നൽകേണ്ടതുമാണ്.

15. ഏതെങ്കിലും സാഹചര്യത്തിൽ നിശ്ചയിച്ച തീയ്യതിയിൽ ദർഘാസ്/ലേലം നടത്താൻ സാധിക്കാതെ വന്നാൽ ഫാം മേധാവി നിശ്ചയിക്കുന്ന മറ്റൊരു തിയ്യതിയിലും, സമ യത്തും ദർഘാസ്/ലേലം നടത്തുന്നതായിരിക്കും

16. ദർഘാസ്/ലേലം ഉറപ്പിച്ച് കിട്ടുന്ന ആൾ ദർഘാസ്/ലേലം നിബന്ധനകൾ പാലിക്കാത്ത പക്ഷം കരാർ റദ്ദ് ചെയ്യുന്നതും, അടച്ച തുക മുഴുവൻ സർവകലാശാലയുടെ ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതുമാണ്.

17. ടെൻഡർ ഫോം/ ദർഘാസ് നിശ്ചിത ഫോമിലായിരിക്കണം. ടെൻഡർ ഫോം 590/ രൂപ വിലയിൽ ഓഫീസിൽ നിന്നും 19.11.2026 രാവിലെ 11.00 വരെ ലഭിക്കുന്നതാണ്. ടെൻഡർ ഫോമുകൾ www.kvasu.ac.in എന്ന സർവ്വകലാശാല വെബ് സൈറ്റിൽ നിന്നും ഡൗൺ ലോഡ് ചെയ്യാവുന്നതും, അത്തരം സന്ദർഭങ്ങളിൽ ടെൻഡർ സമർപ്പിക്കുമ്പോൾ ടെൻഡറിനോടപ്പം ടെൻഡർഫോമിന്റെ വിലയായി പ്രൊഫസർ ആന്റ് ഹെഡ്, ക്യാറ്റിൽ ബ്രീഡിങ്ങ് ഫാം, തുമ്പൂർമുഴി എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ചാലക്കുടി ബ്രാഞ്ചിൽ മാറാവുന്ന ഒരു ഡിഡിയും, ഇ.എംഡിയുടെ വിലയായി മറ്റൊരു ഡിഡിയും തിരിച്ചറിയൽ കാർഡിന്റെ പകർപ്പും ടെണ്ടറിനോടപ്പം സമർപ്പിക്കണം.

18. ടെൻഡർ ഫോമുകളുടെ വില തിരികെ ലഭിക്കുന്നതല്ല. ഒപ്പിട്ട് സമർപ്പിക്കാത്ത ടെൻഡറുകൾ നിരസിക്കുന്നതാണ്. ടെൻഡറിൽ ഉദ്ധരിച്ച നിരക്കുകൾ ഇന്ത്യൻ കറൻസിലായിരിക്കണം.

19. ദർഘാസ്/ലേലം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ (10AM മുതൽ 4.30 PM) ഫാം ഓഫീസിൽ നേരിട്ടോ, 9188006265എന്ന നമ്പറിലോ ബന്ധപ്പെടേണ്ടതാണ്.

പ്രൊഫസർ & ഹെഡ്

സ്വീകർത്താവ്:നോട്ടീസ്ബോർഡ്/സർവ്വകലാശാല വെബ്സൈറ്റ്/പരിയാരം ഗ്രാമ പഞ്ചായത്ത്/
പരിയാരം വില്ലേജ് ഓഫീസ്/കൃഷി ഭവൻ പരിയാരം/മൃഗാശുപത്രി, പരിയാരം.

പകർപ്പ് : ഫാം മോധാവിയുടെ മേശപ്പുറം/അസി.രജിസ്ട്രാർ/ഫയൽ/കരുതൽ.

KERALA VETERINARY AND ANIMAL SCIENCES UNIVERSITY
THUMBURMUZHY PIN:680721
CATTLE BREEDING FARM

PROFESSOR AND HEAD
KVASU-CATTLE BREEDING FARM
THUMBURMUZHI
KONNAKUZHY.P.O PIN 680721